"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

സംഗ്രഹം

തദ്ദേശസ്വയം ഭരണ വകുപ്പ്- കൊയിലാണ്ടി നഗരസഭ- NSDP ഭവന പദ്ധതി പ്രകാരം HDFC ബാങ്ക് വായ്പാ കുടിശിക പ്ലാൻ ഫണ്ടിൽ നിന്നും തിരിച്ചടച്ചതിന് സാധൂകരണം നൽകിയും ശേഷിച്ച തുക ഒടുക്കി ബാങ്കിലെ കുടിശിക തീർക്കുന്നതിനു അനുമതി നൽകിയും ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

തദ്ദേശസ്വയംഭരണ (ഐ.എ) വകുപ്പ്

സ.ഉ.(സാധാ) നം.154/2022/ത.സ്വ.ഭ.വ തീയതി,തിരുവനന്തപുരം, 20/01/2022

---

പരാമർശം:- 1. കൊയിലാണ്ടി നഗരസഭയുടെ 10.05.2021 ലെ യോഗ തീരുമാനം നം.21.

2. കൊയിലാണ്ടി നഗരസഭ സെക്രട്ടറിയുടെ 26.05.2021 ലെ എച്ച്3-1292/02 നം. കത്ത്

ഉത്തരവ്

കൊയിലാണ്ടി നഗരസഭയിലെ ഏറ്റവും ദരിദ്രരായ ഭവനരഹിതർക്ക് വീട് നിർമ്മാണത്തിനായി സർക്കാരിന്റെ NSDP ഒരു ലക്ഷം ഭവന പദ്ധതി പ്രകാരം 2000-2001 വർഷത്തിൽ NSDP ഫണ്ട് 5,000/- രൂപയും, പ്ലാൻ ഫണ്ട് 7,500/- രൂപയും അടക്കം 12,500/- രൂപ സബ്സിഡിയും, 1,000/- രൂപ KURDFC വായ്പയും അടക്കം 27,500/- രൂപ ഭവന നിർമ്മാണ ധനസഹായമായി നൽകിയിരുന്നു. എന്നാൽ അപേക്ഷകരുടെ എണ്ണക്കൂടുതലും KURDFC-യിലെ വായ്പാ ലഭ്യതക്കുറവും കാരണം HDFC Bank-ൽ നിന്നുകൂടി വായ്പയെടുത്ത് ഗുണഭോക്താക്കൾക്ക് നൽകേണ്ടതായി വരികയും, പിന്നീട് ഗുണഭോക്താക്കളിൽ നിന്നുള്ള വായ്പ തിരിച്ചടവ് മുടങ്ങിയപ്പോൾ കെ.യു.ആർ.ഡി.എഫ്.സി, എച്ച്.ഡി.എഫ്.സി. എന്നീ സ്ഥാപനങ്ങളിൽ നിന്നും എടുത്ത വായ്പ 2012-13 വർഷത്തെ പ്ലാൻ ഫണ്ടിൽ വകയിരുത്തി 5 ലക്ഷം രൂപ വീതം തിരിച്ചടവാക്കിയിരുന്നു. HDFC Bank-ലെ വായ്പയിൽ പ്ലാൻ ഫണ്ട് ഉപയോഗിച്ച് തിരിച്ചടവാക്കിയ 5 ലക്ഷം രൂപ ഓഡിറ്റ് തടസ്സത്തിൽ വയ്ക്കുകയും സർക്കാർ അംഗീകാരം വാങ്ങുന്നതിന് നിർദേശിക്കുകയും ചെയ്തതിനാൽ പ്രസ്തുത നടപടിക്ക് സാധൂകരണം നൽകണമെന്നും കൂടാതെ പരാമർശം (1) ലെ നഗരസഭ കൗൺസിലിന്റെ 21-ാം നമ്പർ തീരുമാനമനുസരിച്ച് HDFC Bank-ലെ കുടിശ്ശിക തുകയായ 5,45,984/- രൂപ നഗരസഭാ ഫണ്ടിൽ നിന്നോ പ്ലാൻ ഫണ്ടിൽ നിന്നോ ഒടുക്കി കുടിശിക തീർക്കുന്നതിനു അനുമതി നൽകണമെന്നും പരാമർശ കത്ത് പ്രകാരം കൊയിലാണ്ടി നഗരസഭ സെക്രട്ടറി സർക്കാരിനോട് അഭ്യർത്ഥിക്കുകയുണ്ടായി.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. കൊയിലാണ്ടി നഗരസഭയിലെ ഭവനവായ്പ തീർപ്പാക്കിയ നടപടി ഒരു പ്രത്യേക കേസായി പരിഗണിച്ചു കൊണ്ട് ;NSDP ഭവന പദ്ധതി പ്രകാരം ഗുണഭോക്താക്കൾക്ക് HDFC ബാങ്ക് മുഖേന നൽകിയ വായ്പാകുടിശ്ശികയിൽ 5 ലക്ഷം രൂപ നഗരസഭാ പ്ലാൻ ഫണ്ടിൽ നിന്നും HDFC ബാങ്കിലേയ്ക്ക് തിരിച്ചടച്ച നടപടിക്ക് സാധൂകരണം

നൽകിയും പരാമർശം (1)-ലെ നഗരസഭ കൗൺസിലിന്റെ തീരുമാനമനുസരിച്ച് ശേഷിച്ച തുക ഒടുക്കി HDFC ബാങ്കിലെ കുടിശിക തീർക്കുന്നതിന് കൊയിലാണ്ടി നഗരസഭയ്ക്ക് അനുമതി നൽകിയും ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

ലീന എൻ പി

ജോയിന്റ് സെക്രട്ടറി

ഡയറക്ടർ, നഗരകാര്യ വകുപ്പ്

സെക്രട്ടറി, കൊയിലാണ്ടി നഗരസഭ

എക്സിക്യൂട്ടീവ് ഡയറക്ടർ, കുടുബശ്രീ,തിരുവനന്തപുരം.

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ), കേരള, തിരുവനന്തപുരം.

അക്കൗണ്ടന്റ് ജനറൽ (ഇ&ആർ. എസ്.എ/ജി&എസ്.എസ്.എ), കേരള, തിരുവനന്തപുരം.

എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം.

കരുതൽ ഫയൽ/ഓഫീസ് കോപ്പി.(File no.IA1/236/2021-LSGD)

ഉത്തരവിൻ പ്രകാരം

Signed by Vijitha M B
Date: 21-01-2022 10:42:45
Reason: Approved

സെക്ഷൻ ഓഫീസർ